# റാന്നി മാർ ഗ്രീഗോറിയോസ് ചാപ്പലിൽ കൊടിയേറി

റാന്നി: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലയ്ക്കൽ ഭദ്രാസനത്തിലെ മുപ്പത്തിയൊൻപത് ദേവാലയങ്ങളുടെ സംയുക്താഭിമുഖ്യത്തിലുള്ള 50-ാമത് റാന്നി-നിലയ്ക്കൽ ഓർത്തഡോക്സ് കൺവൻഷനും റാന്നി മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്ററിൽ പുതുക്കിപ്പണിത മാർ ഗ്രീഗോറിയോസ് ചാപ്പൽ കൂദാശയ്ക്കും മുന്നോടിയായി കാതോലിക്കേറ്റ് സെന്ററിൽ കൊടിയേറ്റ് നടത്തി. ഫെബ്രുവരി 12-ന് ഞായറാഴ്ച 2 മണിക്ക് നിലയ്ക്കൽ ഡിസ്ട്രിക്ടിന്റെ ആഭിമുഖ്യത്തിൽ നിലയ്ക്കൽ എക്യുമെനിക്കൽ ദേവാലയത്തിൽ നിന്നും കാതോലിക്കേറ്റ് പതാകയുമായി ആരംഭിച്ച വിളംബര റാലി 4 മണിക്ക് തോട്ടമൺ സെന്റ് തോമസ് കത്തീഡ്രലിൽ എത്തിച്ചേർന്നു. അയിരൂർ, വയലത്തല, റാന്നി, കനകപ്പലം ഡിസ്ട്രിക്ടുകളിലെ വൈദികരും വിശ്വാസികളും അണിചേർന്ന് 5 മണിക്ക് റാന്നി മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്ററിൽ വച്ച് തുമ്പമൺ ഭദ്രാസനാധിപൻ അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്ത കൊടിയേറ്റ് നിർവ്വഹിച്ചു. ഭദ്രാസന സെക്രട്ടറി റവ.ഫാ.ഷൈജു കുര്യൻ, ഭദ്രാസന കൗൺസിൽ അംഗങ്ങളായ റവ.ഫാ.ജോജി മാത്യു, റവ.ഫാ.എബി വർഗീസ്, ശ്രീ.കെ.എ.എബ്രഹാം, ശ്രീ.ജേക്കബ് മാത്യു, അഡ്വ.അനിൽ വർഗീസ് എന്നിവർ വിളംബര റാലിയ്ക്ക് നേതൃത്വം നൽകി.